"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഇ.വി. വിനോദ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2410/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ 05.09.2023 തീയതിയിലെ LSGD/JD/TSR/937/2023-A6 നമ്പർ ഉത്തരവ്.
2. തൃശ്ശൂർ നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഇ.വി. വിനോദ് കുമാർ സമർപ്പിച്ച 18.09.2023 തീയതിയിലെ അപ്പീൽ അപേക്ഷ
3. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ 31.10.2023 തീയതിയിലെ LSGDIJD/TSR/6842/2023-A6 നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.11.2023 തീയതിയിലെ LSGD/PD/6O517/2023-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതുസർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി തൃശ്ശൂർ നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഇ.വി. വിനോദ് കുമാർ സമർപ്പിച്ച പരാമർശം 2 അപേക്ഷ പ്രകാരം, തൃശ്ശൂർ നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന തന്നെ തദ്ദേശസ്വയംഭരണവകുപ്പ് തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ 05.09.2023 തീയതിയിലെ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതായും, താൻ 31.05.2024ൽ വിരമിക്കുന്നതാണെന്നും, വിരമിക്കുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റത്തിൽ ഉള്ള ഇളവുകളെക്കുറിച്ച് അറിഞ്ഞിരുന്നില്ലായെന്നും, ഓൺലൈൻഅപേക്ഷയിൽ പാറളം ഗ്രാമപഞ്ചായത്ത് എന്ന് രേഖപ്പെടുത്തിയിരുന്നതായും അറിയിക്കുന്നു. സ്ഥലംമാറ്റത്തിൽ ഇളവ് അനുവദിക്കുന്നതിന് ഓൺലൈനായി ആക്ഷേപം നൽകിയിരുന്നെങ്കിലും ആയത് നിരസിച്ചതായും വിരമിക്കുന്നതിന് 8 മാസം മാത്രം ഉള്ളതിനാൽ തൃശ്ശൂർ നഗരസഭയിൽ നിന്ന് മാറ്റുന്നത് പെൻഷനും മറ്റ് അനുകൂല്യങ്ങളും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ സാധ്യതയുള്ളതായും, ആയതിനാൽ സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കി തൃശ്ശൂർ നഗരസഭയിൽ നിലനിർത്തുന്നതിന് ഉത്തരവാകണമെന്നും അപേക്ഷിക്കുകയുണ്ടായി.

2. പ്രിൻസിപ്പൽ ഡയറക്ടർ മേൽ വിഷയത്തിൽ ലഭ്യമാക്കിയിട്ടുള്ള തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തൃശ്ശൂർ കോർപ്പറേഷനിൽ 18.05.2015 മുതൽ ക്ലർക്ക്

തസ്തികയിൽ സേവനം ചെയ്തു വരുന്ന ശ്രീ വിനോദ്കുമാർ ഇ വി എന്നവർ 2023 ലെ ഓൺലൈൻ പൊതുസ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, ടിയാൻ പാറളം ഗ്രാമപഞ്ചായത്തിലേക്ക് മാത്രം ഓപ്ഷൻ നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാൻ തെരെഞ്ഞെടുത്ത പാറളം ഗ്രാമപഞ്ചായത്തിലേക്കാണ് ടിയാന് നിയമനം ലഭിച്ചിട്ടുള്ളത് എന്നും ടിയാന്റെ സ്ഥലം മാറ്റ അപേക്ഷയിൽ വിരമിക്കാൻ 2 വർഷത്തിൽ താഴെയുള്ള ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം നൽകിയിരുന്നുവെന്നും അറിയിക്കുന്നു. ഏകികൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചതിനുശേഷമുള്ള - 2023 ലെ പൊതുസ്ഥലം ഉത്തരവ്, 22/03/2023 തിയതിയിലെ സ.ഉ 79//2023 /ത സ്വ ഭ വ ഉത്തരവിലെ ഖണ്ഡിക 2(ബി ) പ്രകാരം ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് മുന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ ജീവനക്കാരേയും നിർബന്ധമായും സ്ഥലം മാറ്റേണ്ടതും, മൂന്നു വർഷം പൂർത്തിയാക്കിയ എല്ലാ ജീവനക്കാരും അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. അപേക്ഷ സമർപ്പിക്കാതിരുന്നാൽ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ പരിഗണിച്ചതിനുശേഷമുള്ള ഒഴിവിലേക്ക് മാത്രമേ ടിയാളുകളെ പരിഗണിക്കുകയുള്ളൂ എന്നതിനാലാണ് ശ്രീ.വിനോദ് കുമാർ അപേക്ഷ സമർപ്പിച്ചത് എന്നാണ് ഓൺലൈനായി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നത്. ടിയാൻ തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ 8 വർഷത്തിലധികമായി സേവനം ചെയ്തു വരുന്നതിനാലാണ് ടിയാന്റെ അപ്പിൽ അപേക്ഷ നിരസിച്ചത് എന്നും വിരമിക്കാൻ ഒരു വർഷത്തിൽ താഴെയുള്ളവരെ പൊതുസ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കേണ്ടതില്ല എന്ന നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടറുടെ 19.08.2023ലെ കത്ത് പ്രകാരം ലഭിച്ചിരുന്നതാണെന്നും തൃശ്ശൂർ ജോയിന്റ് ഡയറക്ടർ അറിയിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം ടിയാൻ 8 വർഷത്തിൽ കൂടുതൽ ക്ലർക്ക് തസ്തികയിൽ തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ സേവനം ചെയ്തിരുന്നതിനാലാണ് ടിയാന് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളത് എന്നും തൃശ്ശൂർ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ ശ്രീ. ഇ.വി. വിനോദ് കുമാർ ക്ലർക്ക് തസ്തികയിൽ 8 വർഷത്തിൽ കൂടുതൽ തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ സേവനം ചെയ്തിരുന്നതിനാലാണ് തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ 05.09.2023 തീയതിയിലെ സ്ഥലം മാറ്റ ഉത്തരവ് പ്രകാരം ടിയാനെ ഓപ്ഷൻ നൽകിയിരുന്ന തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ വിരമിക്കുന്നതിന് 8 മാസം മാത്രം ഉള്ളതിനാൽ തൃശ്ശൂർ നഗരസഭയിൽ നിന്ന് മാറ്റുന്നത് പെൻഷനും മറ്റ് അനുകൂല്യങ്ങളും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കി തൃശ്ശൂർ നഗരസഭയിൽ നിലനിർത്തുന്നതിന് ഉത്തരവാകണമെന്ന അപേക്ഷ പരിഗണിക്കാനാർഹമല്ലെന്ന് കണ്ട് നിരസിച്ച് കൊണ്ട് പരാമർശം 2 അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ഇ.വി. വിനോദ് കുമാർ, ക്ലർക്ക്, തൃശ്ശൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-12-2023 15:23:30
സെക്ഷൻ ഓഫീസർ